നം.കെ.എസ്.എ. എം.എൽ.ടി/ടി3/484/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം,
തലശ്ശേരി- 670103, ഫോൺ-0490 2966270
E-mail: hreauditly@gmail.com
തീയതി : 08.09.2023

ഓഡിറ്റ് ഓഫീസർ

എക്സിക്യൂട്ടീവ് ഓഫീസർ
ശ്രീ ഒഴക്രോത്ത് പറമ്പ് തൃക്കോവിൽ ക്ഷേത്രം ,
ഒഴക്രോം.പി.ഒ.കല്യാശ്ശേരി , 670562
കണ്ണൂർ

സർ,

വിഷയം :- ശ്രീ ഒഴക്രോത്ത് പറമ്പ് തൃക്കോവിൽ ക്ഷേത്രത്തിന്റെ 2014 -2021 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - അയക്കുന്നത് സംബന്ധിച്ച്.

സൂചന :-

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുസരിച്ച് പുറപ്പെടുവിക്കുന്ന ശ്രീ ഒഴക്രോത്ത് പറമ്പ് തൃക്കോവിൽ ക്ഷേത്രത്തിന്റെ 2014-2021 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു. ഈ റിപ്പോർട്ടിനുള്ള മറുപടി റിപ്പോർട്ട് ലഭിച്ച് 2 മാസത്തിനകം ഓഡിറ്റ് ഓഫീസർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം, തലശ്ശേരി, തിരുവങ്ങാട് (പോസ്റ്റ്), 670103 എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്/-
ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ഉള്ളടക്കം:- ഓഡിറ്റ് റിപ്പോർട്ട് : 2014 -2021 വർഷം

പകർപ്പ്:-

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ. തിരുവനന്തപുരം (ഉ.പ.സ)(ഇ-മെയിൽ)
2. പ്രസിഡണ്ട്, മലബാർ ദേവസ്വം ബോർഡ് കോഴിക്കോട്, (മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ മുഖാന്തിരം)(ഉ.പ.സ)(ഇ-മെയിൽ)
3. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലബാർ ദേവസ്വം ഓഡിറ്റ് കോഴിക്കോട്.(ഉ.പ.സ)(ഇ-മെയിൽ)
4. അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ്,തലശ്ശേരി(ഇ-മെയിൽ)
5. ഓഫീസ് കോപ്പി

നം.കെ.എസ്.എ/എം.എൽ.ടി/ടി3/484/2023 തീയതി- 08.09.2023

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക് കല്യാശ്ശേരി വില്ലേജിലെ ശ്രീ ഒഴക്രോത്ത് പറമ്പ് തൃക്കോവിൽ ക്ഷേത്രത്തിന്റെ 2014 മുതൽ 2021 വരെയുള്ള വർഷങ്ങളിലെ കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13ം വകുപ്പ് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേരും/തസ്തിക പേരും	ശ്രീ. സുരേശൻ.പി.വി,ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.സുരേശൻ.പി.വി, ഓഡിറ്റ് ഓഫീസർ(ഹ. ഗ്രേ)
	ശ്രീ. കനകരാജൻ ഇ, അസി. ഓഡിറ്റ് ഓഫീസർ
ഓഡിറ്റ് കാലയളവ്	2014 -2021
ഓഡിറ്റിന് വിനിയോഗിച്ച സമയം	08.08.2023 മുതൽ 11.08.2023 വരെ
ക്ഷേത്രത്തിന്റെ ഗ്രേഡ്	ഡി
ക്ഷേത്ര ഭരണാധികാരി	ശ്രീ. പി.സി.ഗോവിന്ദൻ നമ്പ്യാർ (ഫിറ്റ് പേർസൺ) (01.01.2014 മുതൽ 31.12.2021 വരെ)

ഭാഗം -I
പൊതുവിവരങ്ങൾ

I-1. ബജറ്റ്

ഓഡിറ്റ് കാലയളവിലെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	മലബാർ ദേവസ്വം ബോർഡ്, തലശ്ശേരി അസി.കമ്മീഷണറുടെ ഉത്തരവ് നമ്പർ, തീയ്യതി
2014	നമ്പർ എ 3-2524/MDB (Kdis) തീയ്യതി 29.07.2014
2015	നമ്പർ എ 3-1856/2015 MDB (Kdis) തീയ്യതി 25.08.2015
2016	നമ്പർ എ 3-1338/2016 MDB (Kdis)തീയ്യതി 12.03.2016
2018	നമ്പർ എ 3-1630/2018MDB (Kdis) തീയ്യതി 13.07.2018
2019	നമ്പർ എ 3-1295/2019MDB (Kdis) തീയ്യതി 04.10.2019
2020	നമ്പർ എ 3-1149/2020MDB (Kdis) തീയ്യതി 18.11.2020

1951-ലെ ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 70 പ്രകാരം തൊട്ടടുത്ത വർഷത്തേക്കുള്ള ക്ഷേത്രത്തിന്റെ പ്രതീക്ഷിത വരവും ചെലവും കാണിക്കുന്ന ബജറ്റ് മാർച്ച് മാസം അവസാനിക്കുന്നതിന് മുന്നേ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ക്ഷേത്ര കണക്കുകൾ കലണ്ടർ വർഷം അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനാൽ സെപ്തംബർ 30 നകം അടുത്ത വർഷത്തെ ബജറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതായുണ്ട്. എന്നാൽ 2014 മുതൽ 2021 വരെയുള്ള വർഷങ്ങളിൽ ക്ഷേത്രം ബജറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചത് ഇടപാടുകൾ നടത്തിയ ശേഷമാണ്. ഇത് നിയമപരമായി

തെറ്റായ രീതിയാണ്. 1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിൻ കീഴിലെ ചട്ടം 100(2) (ജെ)(9) പ്രകാരം ബജറ്റ് അനുമതിയില്ലാത്ത ചെലവുകൾ നടത്തുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭാവിയിൽ നിശ്ചിത സമയത്തിനകം ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കേണ്ടതും ബജറ്റ് അനുമതിയോടെ മാത്രം ചെലവുകൾ നടത്തേണ്ടതുമാണ്. 2017, 2021 വർഷങ്ങളിൽ ബജറ്റിന് അംഗീകാരം ലഭിച്ചിട്ടില്ല. ബജറ്റ് അംഗീകാരം ഇല്ലാതെ നടത്തിയ എല്ലാ ചെലവുകൾക്കും മലബാർ ദേവസ്വം ബോർഡിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

I-1(എ). ബജറ്റ് വ്യതിയാനങ്ങൾ

വർഷം	ഇനം	ബജറ്റിൽ വകയിരുത്തിയ തുക	യഥാർത്ഥ ചെലവ്	അധിക ചെലവ്
2014	ശമ്പള കൂടിശ്ശിക	1,50,000	1,70,778	20,778
	ശുചീകരണം	2,000	4,430	2,430
2015	ശമ്പള കൂടിശ്ശിക	1,25,000	3,96,341	2,71,341
	ശുചീകരണം	6,000	16,050	10,050
	പെയിന്റിംഗ്	0	17,850	17,850
2016	ശമ്പള കൂടിശ്ശിക	1,25,000	3,35,712	2,10,712
	വിറക്	15,000	17,350	2,350
	വിശേഷവിധി	7,500	10,034	2,534
	പലവക	3,500	8,271	4,771
	ശുചീകരണം	20,000	22,250	2,250
	മരാമത്ത്	25,000	31,215	6,215
2018	നിത്യത	0	14,385	14,385
	ശമ്പള കൂടിശ്ശിക	0	2,77,000	2,77,000
	പ്രിന്റിംഗ്, സ്റ്റേഷനറി	2,000	6,653	4,653
	വാദ്യം വേതനം	0	12,000	12,000
	കഴകം വേതനം	0	8,400	8,400
2019	ശമ്പള കൂടിശ്ശിക	0	2,81,618	2,81,618
	ഓണം ഉത്സവബത്ത	0	15,500	15,500
2020	ശമ്പള കൂടിശ്ശിക	0	1,60,421	1,60,421
	ശമ്പളം	50,000	63,600	13,600

ബജറ്റ് അനുമതിയില്ലാത്ത ചെലവുകൾക്കും ബജറ്റിലും അധികമായി നടത്തിയ ചെലവുകൾക്കും മലബാർ ദേവസ്വം ബോർഡിൽനിന്നും സാധൂകരണം വാങ്ങിക്കേണ്ടതാണ്.

I-2 വാർഷിക കണക്കുകൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 9 (1) വകുപ്പ് പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി

സമർപ്പിക്കേണ്ടതാണ്. ക്ഷേത്രകണക്കുകൾ കലണ്ടർ വർഷം അടിസ്ഥാനമാക്കി തയ്യാറാക്കുന്നതിനാൽ ഏപ്രിൽ 30 നകം കണക്കുകൾ സമർപ്പിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ 2014, 2015 വർഷങ്ങളിലെ കണക്കുകൾ സമർപ്പിച്ചത് ഈ നിബന്ധന പാലിക്കാതെയാണ് സമയപരിധിപാലിക്കാതെ ഓഡിറ്റിനായി വാർഷിക കണക്കുകൾ ഹാജരാക്കിയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	സമർപ്പിച്ച തീയതി
2014	17.11.2016
2015	17.11.2016

നിയമം അനുശാസിക്കുന്ന സമയപരിധിക്കകം കണക്കുകൾ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

I-2.(ബി)വാർഷിക കണക്കുകളിലെ അപാകങ്ങൾ

1. ട്രസ്റ്റിയിൽ നിന്നും എടുക്കുന്ന താൽക്കാലിക വായ്പ അക്കൗണ്ടിൽ വരവ് ചെലവ് ഭാഗത്ത് കാണിക്കുന്നതിന് പകരം മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകയിലാണ് കാണിച്ചത്. 2017, 2018 അക്കൗണ്ട് കാണുക.
2. കാഷ് ബുക്കിലെ നീക്കിയിരിപ്പ് തുകകൾ പ്രതിമാസ/വാർഷിക ഒത്തു നോക്കൽ നടത്തി വ്യത്യാസ കാരണം രേഖപ്പെടുത്തുന്നില്ല.

1-3.ക്ഷേത്ര ഭരണം

ക്ഷേത്ര ഭരണത്തിനായി പ്രത്യേക സ്കീം തയ്യാറാക്കിയിട്ടില്ല. കോഴിക്കോട് ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പ് ഡെപ്യൂട്ടി കമ്മീഷണറുടെ 03.09.2004 ലെ എ 4-1351/04 നമ്പർ ഉത്തരവ് പ്രകാരം പാരമ്പര്യ ട്രസ്റ്റിമാരായ ശ്രീ.പി.സി.ബാലകൃഷ്ണൻ നമ്പ്യാർ, ശ്രീമതി.പി.സി.കമലാക്ഷിയമ്മ എന്നിവരുടെ ഫിറ്റ് പേർസണായി ശ്രീ.തീയ്യറേത്ത് ഗോവിന്ദൻ നമ്പ്യാർ ഉത്തരവ് തീയ്യതി മുതൽ നിയമിക്കപ്പെടുകയുണ്ടായി. ഫിറ്റ്പേർസൺ രാജിവെച്ചതിനെ തുടർന്ന് 15.10.2011 മുതൽ ശ്രീ.പി.സി.ഗോവിന്ദൻ നമ്പ്യാർ ഫിറ്റ് പേർസണായി നിയമിക്കപ്പെട്ടു. എന്നാൽ മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ 01.01.2013 ലെ എ 4/40/12/എംഡിബി (കെ.ഡിസ്) ഉത്തരവ് പ്രകാരം ഒരു വർഷത്തേക്ക് ഫിറ്റ് പേഴ്സണായി വീണ്ടും നിയമിക്കപ്പെട്ട ഇദ്ദേഹം കാലാവധി പൂർത്തിയായ ശേഷവും അംഗീകാരമില്ലതെ ഇപ്പോഴും ഫിറ്റ് പോഴ്സണായി തുടർന്നു വരികയാണ്.

പാരമ്പര്യ ട്രസ്റ്റിയായിരുന്ന ശ്രീമതി.പി.സി.കമലാക്ഷിയമ്മ 02.02.2019 തീയ്യതിയിൽ മരണപ്പെട്ടതിനെ തുടർന്ന് അടുത്ത അവകാശിയായി ശ്രീമതി.പി.സി.കുഞ്ഞിപാർവ്വതിയമ്മയെ തെരഞ്ഞെടുത്തത് മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ 20.06.2019 ലെ എ 3-523/19/എം.ഡി.ബി (കെ.ഡിസ്) ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ട്രസ്റ്റി ബോർഡ് രൂപികരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ട്രസ്റ്റിമാരും കുടുംബാംഗങ്ങളും ചേർന്നാണ് ക്ഷേത്രകാര്യങ്ങൾ നിർവ്വഹിച്ചു വന്നതായി കാണുന്നത്.

I-4.ക്ഷേത്രത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയും വിലപിടിപ്പുള്ള മറ്റ് വസ്തുക്കളുടേയും വിവരം

എ.ഭൂസ്വത്ത് രജിസ്റ്റർ

ക്ഷേത്രത്തിൽ ഭൂസ്വത്ത് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ക്ഷേത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അളവ്, തരം തുടങ്ങിയവ കാണിക്കുന്ന ഭൂസ്വത്ത് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ബി) ഇൻവെന്ററി രജിസ്റ്റർ

ക്ഷേത്രത്തിൽ വിലപിടിച്ച വസ്തുക്കളുടെ ഇൻവെന്ററി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. അവസാനമായി ഇൻവെന്ററി രജിസ്റ്റർ ഭരണ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ചത് 21.07.2023 നാണ്. എന്നാൽ പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. കൂടുതൽ വിവരങ്ങൾ ഖണ്ഡിക II-9 ൽ ചേർത്തിട്ടുണ്ട്.

I-5 പൊതു അവലോകനം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്ക് കല്ല്യാശ്ശേരി വില്ലേജിൽ സ്ഥിതിചെയ്യുന്ന 'ഡി' ഗ്രേഡ് വിഭാഗത്തിൽപ്പെടുന്ന ക്ഷേത്രമാണ് ശ്രീ ഒഴക്രോത്ത് പറമ്പ് തൃക്കോവിൽ ക്ഷേത്രം. പാരമ്പര്യ ട്രസ്റ്റിക്ക് വേണ്ടി നിയമിക്കപ്പെട്ട ഫിറ്റ് പേർസണാണ് ഓഡിറ്റ് കാലയളവിൽ ക്ഷേത്രഭരണം നടത്തി വന്നിട്ടുള്ളത്. ട്രസ്റ്റിബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ല. അംഗീകരിക്കപ്പെട്ട തന്ത്രികകളിൽ രണ്ട് ജീവനക്കാരാണ് ക്ഷേത്രത്തിലുള്ളത്.

2014-2021 വർഷത്തെ ഓഡിറ്റാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്. 2017, 2021 വർഷങ്ങളിലെ ബജറ്റിന് അംഗീകാരം ലഭിച്ചിട്ടില്ല. കലണ്ടർ വർഷം അവസാനിച്ചശേഷം ആ വർഷത്തെ ബജറ്റ് തയ്യാറാക്കി അംഗീകാരത്തിന് അയക്കുന്നത് നിയമപരമായി തെറ്റായ രീതിയാണ്. നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ ബജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ക്ഷേത്രഭണ്ഡാരം തുറന്നെണ്ണുന്ന അവസരത്തിൽ ഭരണവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതായുണ്ട്. ഇൻവെന്ററി രജിസ്റ്ററുകൾ തയ്യാറാക്കിയതിൽ പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. വഴിപാട് പട്ടികയ്ക്കും ഡിറ്റത്തിനും അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ക്ഷേത്ര ജീവനക്കാർക്ക് കുടിശ്ശിക ശമ്പളം നൽകിയപ്പോൾ അവയുടെ കൃത്യതയോടെയുള്ള കണക്ക് സൂക്ഷിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ഹാജർ വിവരങ്ങൾ കൃത്യമായി ഹാജർ പട്ടികയിൽ ചേർക്കാത്തത് മറ്റൊരു ന്യൂനതയാണ്. ഓഡിറ്റ് ചാർജ് ഇനത്തിൽ വർഷങ്ങളുടെ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിക്കുവാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

I-6.സൂക്ഷിക്കാത്ത രജിസ്റ്ററുകൾ

1. ഭ്രസ്വത്ത് രജിസ്റ്റർ
2. ഗ്രാന്റ് രജിസ്റ്റർ
3. ഓഡിറ്റ് റിക്കവറി രജിസ്റ്റർ
4. ഭണ്ഡാരം സ്ഥാപിത രജിസ്റ്റർ
5. ഡിറ്റം രജിസ്റ്റർ

മേൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഭാഗം-II

വരവ് കണക്കുകളിൽമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

II-1. സർക്കാർ ധനസഹായം

ഓഡിറ്റ് കാലയളവിൽ സർക്കാരിൽ നിന്നും ക്ഷേത്രത്തിനുലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

ഉത്തരവുനമ്പർ	വർഷം	തുക	ലഭിച്ച തുക	ക്ഷേത്രഫണ്ടിൽ വരവുവെച്ച തീയതി	വിനിയോഗിച്ചതിന്റെ വിശദവിവരങ്ങൾ
ജീർണ്ണോദ്ധാരണ ഗ്രാന്റായി ലഭിച്ച തുകയുടെ ഉത്തരവ് ലഭ്യമല്ല	2016	-	17,440	14.03.2016	ലഭിച്ച തുകയിൽ ₹17,385/- രൂപ മാത്രമേ ഇതുവരെയായി ചെലവഴിച്ചിട്ടുള്ളൂ. ബാക്കി തുക വിനിയോഗിക്കാത്തപക്ഷം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.
		-	5,960	31.03.2016	
		-	14,960	31.03.2016	

II-2. മാനേജ്മെന്റ് ഫണ്ട്

ഓഡിറ്റ് കാലയളവിൽ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകകകളുടെ വരവ്-ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

വർഷം	ക്ഷേത്രഫണ്ടിൽ വരവ് വെച്ച തീയതി	ലഭിച്ച തുക	വിനിയോഗിച്ചതിന്റെ വിശദ വിവരം വർഷം
2014	22.04.2014	39,053	01.05.2013 മുതൽ 31.08.2014 വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശികയും ഉത്സവബത്തയും നൽകി.
	24.07.2014	24,059	
	25.09.2014	14,000	
	13.12.2014	17,976	
2015	22.07.2015	20,064	01.09.2014 മുതൽ 31.12.2014 വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശികയും ഉത്സവബത്തയും നൽകി.
	18.11.2015	2,99,912	
	15.09.2015	15,000	
2016	17.12.2016	48,045	01.01.2015 മുതൽ 31.08.2016 വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശികയും ഉത്സവബത്തയും നൽകി.
	19.08.2016	1,15,614	
	08.09.2016	55,644	
	22.09.2016	17,500	
2017	07.03.2017	63,384	01.09.2016 മുതൽ 31.08.2017 വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശികയും ഉത്സവബത്തയും നൽകി.
	13.06.2017	60,000	
	12.09.2017	19,000	
	12.10.2017	60,000	
2018	13.03.2018	80,858	01.09.2017 മുതൽ 31.08.2018 വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശികയും ഉത്സവബത്തയും നൽകി.
	06.07.2018	66,000	
	23.08.2018	12,000	
	12.10.2018	66,000	
2019	15.02.2019	87,501	01.09.2018 മുതൽ 31.08.2019 വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശികയും ഉത്സവബത്തയും നൽകി
	13.08.2019	84,117	
	05.09.2019	15,500	
	17.10.2019	85,000	
2020	17.03.2020	1,06,772	01.09.2019 മുതൽ 31.03.2020 വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശികയും ഉത്സവബത്തയും നൽകി. ₹10,000/-
	20.04.2020	20,000	

	22.09.2020	15,500	നിത്യതക്ക് വേണ്ടി വിനിയോഗിച്ചു.
	20.12.2020	10,000	
2021	16.01.2021	40,000	01.04.2020 മുതൽ 30.04.2021 വരെയുള്ള മാസങ്ങളിലെ ശമ്പള കുടിശ്ശികയും ഉത്സവബത്തയും നൽകി.
	01.02.2021	89,471	
	20.07.2021	1,67,863	
	27.08.2021	15,500	
	17.08.2021	1,04,685	

മാനേജ്മെന്റ് ഫണ്ട് ലഭിച്ചതിന്റെ വിനയോഗം ചേർത്തിട്ടുള്ളത് ലഡ്ജറിൽ രേഖപ്പെടുത്തിയത് പ്രകാരമാണ്. അകൗിറ്റൻസിൽ തുക നൽകിയ വിവരത്തിന് നേരെ ഏത് കാലയളവിലേതാണെന്നും ഏത് ഫണ്ടാണെന്നും വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച വിവരം വ്യക്തമായി കാലയളവ്, ഫണ്ട് സഹിതം രേഖപ്പെടുത്തേണ്ടതാണ്.

II-3. വർഷാശനം

ജി.ഒ.(എം.എസ്) 1156/70 റവന്യൂ(ദേവസ്വം) 1107/84/ആർ.ഡി തീയ്യതി 15.11.1984 പ്രകാരം ക്ഷേത്രത്തിന്റെ അന്തിമ വർഷാശനം ₹1,721/-യായി നിശ്ചയിച്ചിട്ടുണ്ട്.ഓഡിറ്റ് കാലയളവിൽ വർഷാശനം ഇനത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	**തുക**	**ക്ഷേത്രഫണ്ടിൽ വരവ് വെച്ച തീയതി**
2013, 2014, 2015	5,163	28.03.2016
2016	1,721	28.02.2017
2017	1,721	23.11.2018
2018, 2019, 2020	5,163	27.10.2020
ആകെ	**13,768/-**	

സർക്കാർ ഉത്തരവ് പി.നം.12/2009 ആർ.ഡി തീയ്യതി 06.01.2009 പ്രകാരം 2006 മുതൽ നിലവിലുള്ളതിന്റെ മൂന്ന് മടങ്ങായി വർഷാശനം വർദ്ധിപ്പിച്ചിട്ടുണ്ട്. തുടർന്ന് ഓരോ അഞ്ച് വർഷം കൂടുന്തോറും 25% വർദ്ധനവിനും നിർദ്ദേശിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരിക്കിലുള്ള വർഷാശനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II-4. വായ്പ

2017, 2018 വർഷങ്ങളിൽ മാനേജിംഗ് ട്രസ്റ്റിയിൽനിന്നും എടുത്ത താൽക്കാലിക വായ്പ ക്ഷേത്ര കണക്കിൽ ഉൾപ്പെടുത്തിയാണ് കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ഇത്തരം സാമ്പത്തിക ഇടപാടുകൾക്ക് ദേവസ്വം ബോർഡിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല. അനുമതിയുടെ അഭാവത്തിൽ ഇത്തരം വായ്പകൾ സംഭാവനയായി പരിഗണിക്കാവുന്നതാണെന്ന ഹിന്ദുമത ധർമ്മസ്ഥാപന ഭരണവകുപ്പിന്റെ 28.07.1977 ലെ HRE-5148/77 നമ്പർ സർക്കുലർ ശ്രദ്ധയിൽപെടുത്തുന്നു. ആയതിനാൽ ഭാവിയിൽ ഇത്തരം ഇടപാടുകൾക്ക് വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതും ആയതിന് പ്രത്യേകം റജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

II-5.ഓഡിറ്റ് റിക്കവറി

-ഇല്ല-

II-6.ജാമ്യസംഖ്യ

1951 ലെ ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 100(2) (വൈ) യുടെ കീഴിലുള്ള ചട്ടം പാർട്ട് II-3 പ്രകാരം സ്വർണ്ണം, വെള്ളി തുടങ്ങിയ വിലപിടിപ്പുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്ന എല്ലാ ക്ഷേത്ര ജീവനക്കാരിൽനിന്നും ജാമ്യസംഖ്യ ഈടാക്കേണ്ടതാണ്. ക്ഷേത്രത്തിലെ അത്തരം ജീവനക്കാരിൽനിന്നും ജാമ്യസംഖ്യ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

II-7.വഴിപാട് ഇനങ്ങൾ -മുഖവില രശീതികൾ ഏർപ്പെടുത്തേണ്ടതാണ്.

ക്ഷേത്രത്തിൽ നെയ് വിളക്ക്, എണ്ണവെക്കൽ, കൂവളമാല, തുളസിമാല തുടങ്ങിയ ആവർത്തന സ്വഭാവമുള്ള വിവിധ വഴിപാടുകൾക്കായി പലവക രശീകളാണ് ഉപയോഗിച്ചു വരുന്നത്. പുഷ്പാഞ്ജലി, നെയ്യമൃത്, പൊൻമണി തുടങ്ങി ചുരുക്കം വഴിപാടുകൾക്കു മാത്രമേ മുഖവില രശീതികൾ ഉപയോഗിക്കുന്നുള്ളൂ. രശീതി വരവുകൾ കൃത്യമായി വഴിപാട് രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നതിന് മുഖവില രശീതി സമ്പ്രദായമാണ് അനുയോജ്യമായിട്ടുള്ളത്. ആയതിനാൽ കൂടുതൽ ആവർത്തന സ്വഭാവമുള്ള എല്ലാ വഴിപാടുകൾക്കും മുഖവില രശീതികൾ ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

II-8.ഭണ്ഡാരം തുറന്നെണ്ണൽ-ഭരണവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യമില്ല

ഓഡിറ്റ് കാലയളവിൽ പല തീയ്യതികളിലായി ക്ഷേത്രത്തിലെ ഭണ്ഡാരങ്ങൾ തുറന്നെണ്ണിയിട്ടുണ്ട്. ക്ഷേത്രഭണ്ഡാരങ്ങൾ തുറന്നെണ്ണുമ്പോൾ ഭരണ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉണ്ടായിരിക്കണമെന്നുണ്ടെങ്കിലും (മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 02.03.2010 ലെ എച്ച്.9/1637/10 സർക്കുലർ ഖണ്ഡിക-6 കാണുക) ക്ഷേത്രത്തിൽ സൂക്ഷിച്ച ഭണ്ഡാരം രജിസ്റ്റർ പ്രകാരം ഭരണവകുപ്പ് ഉദ്യോഗസ്ഥരുടെ അസാന്നിധ്യത്തിലാണ് ഭണ്ഡാരം തുറന്നെണ്ണിയിട്ടുള്ളത്.

ഉദാഹരണമായി 31.01.2014, 10.06.2014, 12.05.2015, 12.07.2019, 30.12.2019, 06.06.2020, 29.12.2020, 01.11.2021 തീയ്യതികളിലെ ഭണ്ഡാരം തുറന്നെണ്ണിയപ്പോൾ ഭരണവകുപ്പ് ഉദ്യോഗസ്ഥർ രജിസ്റ്ററിൽ സാന്നിദ്ധ്യം രേഖപ്പെടുത്തിയിട്ടില്ല. ഭണ്ഡാരം തുറക്കുന്ന വിവരം യഥാസമയം മലബാർ ദേവസ്വം ബോർഡിനെ അറിയിച്ചിരുന്നതായാണ് അക്കാലയളവിലെ ട്രസ്റ്റി വാക്കാൽ വിശദീകരിച്ചത്. മേൽനോട്ടം വഹിക്കാൻ വരുന്ന വകുപ്പ് ഉദ്യോഗസ്ഥരുടെ കൈയ്യൊപ്പ് രേഖപ്പെടുത്തി ഭണ്ഡാര രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

II-9.ഇൻവെൻട്രി രജിസ്റ്റർ തയ്യാറാക്കുന്നതിലെ അപാകങ്ങൾ

ക്ഷേത്രത്തിലേക്ക് കാണിക്കയായി 28.01.2015 മുതൽ ലഭിച്ച സ്വർണ്ണം, വെള്ളി, ഓട് തുടങ്ങിയ വിലകൂടിയ വസ്തുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഇൻവെൻട്രി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. ഇത് ഭരണവകുപ്പിന്റെ പരിശോധനവിഭാഗം 21.07.2023 ൽ പരിശോധിച്ചിട്ടുണ്ട്. ഇൻവെൻട്രി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 2015 മുതലുള്ള രശീതികൾ പ്രകാരം ക്ഷേത്രത്തിന് ലഭിച്ച ഇൻവെൻട്രി വിവരങ്ങൾ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. അതിനുമുമ്പ് ക്ഷേത്രത്തിന് കാണിക്കയായി ലഭിച്ച ഇത്തരം

വസ്തുക്കളുടെയും ക്ഷേത്രത്തിന്റെ തിരുവാഭരണം, ക്ഷേത്രത്തിൽ സ്ഥിരമായി ഉപയോഗിക്കേണ്ടി വരുന്ന വിലകൂടിയ പാത്രങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവയുടെയും വിവരങ്ങൾ ഇൻവെൻടി രജിസ്റ്ററിൽ ചേർക്കുകയും ഭരണവകുപ്പ് ഉദ്യോഗസ്ഥരുടെ പരിശോധനക്ക് വിധേയമാക്കുകയും ചെയ്തിട്ടില്ല.

2. ക്ഷേത്രത്തിലേക്ക് ലഭിക്കുന്ന വിലകൂടിയ വസ്തുക്കൾക്ക് രശീതി നൽകുമ്പോൾ സാധനത്തിന്റെ ഇനം, തൂക്കം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇൻവെൻടി രജിസ്റ്ററിലും പ്രസ്തുത വിവരങ്ങളില്ല. ഉദാഹരണമായി താഴെ ചേർക്കുന്ന രശീതികൾ പ്രകാരം ലഭിച്ച സാധനങ്ങൾ ഏതിനമാണെന്നും (സ്വർണ്ണം/വെള്ളി etc.) തൂക്കം എത്രയാണെന്നുമുള്ള വിവരങ്ങൾ രജിസ്റ്ററിൽ ഇല്ല.

രശീതി നമ്പർ/തീയ്യതി	സാധനം
12/11.04.2017	ചന്ദ്രക്കല
13/11.04.2017	പൊൻമണി
25/28.01.2019	പൊൻമണി
29/28.02.2019	ചന്ദ്രക്കല
28/28.02.2019	നാഗഫണം
36/19.01.2020	ചന്ദ്രക്കല

3. ഓഡിറ്റ് കാലയളവിൽ ബുക്ക് നമ്പർ-1 ൽ 1 മുതൽ 42 വരെ രശീതികളിലായി ലഭിച്ച എല്ലാ വസ്തുക്കളും ഇൻവെൻടി രജിസ്റ്ററിൽ തുടർച്ചയായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണം, വെള്ളി, ഓട് തുടങ്ങിയവ പ്രത്യേക പേജുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

   ഇൻവെൻടി സൂക്ഷിക്കുന്നതിലുണ്ടായ എല്ലാ അപാകങ്ങളും പരിഹരിക്കേണ്ടതാണ്.

II-10. വഴിപാട് തുക ബാങ്കിലൊടുക്കൽ-അപാകങ്ങൾ

1. മലബാർ ദേവസ്വം ബോർഡ് കമ്മീഷണറുടെ 02.03.2010 ലെ എച്ച്9.1637/2010 നമ്പർ സർക്കുലർ പ്രകാരം ക്ഷേത്രത്തിന്റെ വഴിപാട് വരവുകൾ അന്നന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബാങ്കിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ വഴിപാട് വരവുകൾ പത്ത് ദിവസം കൂടുമ്പോൾ മാത്രമാണ് ബാങ്കിൽ ഒടുക്കിയിട്ടുള്ളത്.
2. പത്ത് ദിവസത്തിലൊരിക്കലാണ് വഴിപാട് തുകകൾ ബാങ്കിലൊടുക്കുന്നതെങ്കിലും വഴിപാട് രജിസ്റ്ററിൽ ഒടുക്കുന്ന തുകയ്ക്ക് ആസ്പദമായ രേഖപ്പെടുത്തലുകളില്ല. പലവക വഴിപാട് തുക മാത്രമേ വഴിപാട് രജിസ്റ്ററിൽ 10 ദിവസത്തേക്ക് പ്രത്യേകമായി രേഖപ്പെടുത്തുന്നുള്ളൂ. മുഖവില രശീതികൾ പ്രകാരമുള്ള വരവുകൾ മാസാവസാനം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വഴിപാട് തുകകൾ ബാങ്കിൽ ഒടുക്കുമ്പോൾ വഴിപാട് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

II-11. വഴിപാട് പട്ടികക്ക് അംഗീകാരമില്ല.

ഓഡിറ്റ് കാലയളവിൽ വഴിപാട് പട്ടിക രണ്ട് പ്രാവശ്യം പുതുക്കിയിട്ടുണ്ട്. 01.12.2014 മുതൽ പുതുക്കിയതിന് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ 2019 ൽ പുതുക്കിയതിന് മലബാർ ദേവസ്വം ബോർഡ് അംഗീകാരം ലഭ്യമായിട്ടില്ല. പുതുക്കിയ പട്ടിക അംഗീകാരത്തിനായി മലബാർ ദേവസ്വം ബോർഡിന് 15.11.2019 ന് അയച്ചു കൊടുത്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വഴിപാട് പട്ടികക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

ഭാഗം- III
ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

III-1. ഗ്രേഡ് കൂടിശ്ശികഅനുവദിച്ചത്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല-₹2,72,749/- തടസ്സപ്പെടുത്തുന്നു.

മലബാർ ദേവസ്വം ബോർഡ് തലശ്ശേരി ഡിവിഷൻ അസി.കമ്മീഷണറുടെ 05.02.2015 ലെ എ4-5318/14 KDis ഉത്തരവ് പ്രകാരം ക്ഷേത്ര ജീവനക്കാരായ ശ്രീ കൃഷ്ണൻ നമ്പൂതിരി (ശാന്തി), ശ്രീമതി.മായ.പി.വി (അടിച്ചുതളി) എന്നിവർക്ക് യഥാക്രമം 01.01.2012, 01.01.2011 തീയ്യതികൾ പ്രാബല്യത്തിൽ 16 വർഷത്തെ ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ഹയർഗ്രേഡ് അനുവദിച്ചതിനെ തുടർന്ന് 2015 വർഷം കൂടിശ്ശിക ശമ്പളം താഴെ പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്.

1.	ശ്രീ.എം.കെ.കൃഷ്ണൻ നമ്പൂതിരി		
തുക കണക്കാക്കിയ വർഷം		കണക്കാക്കിയ തുക	നൽകിയ തീയ്യതി
2012		48,233	19.11.2015 ചെക്ക് നമ്പർ 476810/19.11.2015
2013		49,652	
2014		73,150	
2015		21,452	
ആകെ		**1,92,487**	
2.	ശ്രീമതി മായ.പി.വി		
2011		13,310	19.11.2015 ചെക്ക് നമ്പർ 476809/19.11.2015
2012		15,524	
2013		17,320	
2014		26,716	
2015		7,392	
ആകെ		**80,262**	

ജീവനക്കാർക്ക് നൽകിയ ഗ്രേഡ് കൂടിശ്ശിക വർഷം തിരിച്ച് കണക്കാക്കിയതിന്റെ പട്ടിക (Due, Drawn, Balance Statement) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 09.08.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.1) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ നൽകിയ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടിശ്ശിക ശമ്പളം കണക്കാക്കിയതിന്റെ വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.₹2,72,749/- (1,92,487+80,262) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

III-2. ജീവനക്കാരുടെ അവധി വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല.

ക്ഷേത്രത്തിലെ അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.എം.കെ.കൃഷ്ണൻ നമ്പൂതിരി (ശാന്തി), ശ്രീമതി.മായ.പി.വി (അടിച്ചുതളി) എന്നിവർ ഓഡിറ്റ് കാലയളവിൽ പല സമയങ്ങളിലായി

അവധികൾ എടുത്തതായി ഹാജർ പട്ടിക പരിശോധിച്ചപ്പോൾ കാണാൻ സാധിച്ചു. എന്നാൽ എടുത്ത അവധികൾ ഏതെന്ന് കൃത്യമായി ഹാജർ പുസ്തകത്തിലോ സേവനപുസ്തകത്തിലോ ചേർക്കുന്നില്ല. ഉദാഹരണത്തിന് ക്ഷേത്രം അടിച്ചു തളിക്കാരി 2019 വർഷം 01.11.2019 മുതൽ 20.11.2019 വരെ 20 ദിവസം വരെ തുടർച്ചയായി ഹാജരായിട്ടില്ല. ഇതേ വർഷം 17.10.2019 മുതൽ 31.10.2019 വരെ 15 ദിവസവും ഹാജരായില്ല. എന്നാൽ ഇവർക്ക് അനുവദിച്ച അവധി ഏതെന്ന് കൃത്യമായി രേഖപ്പെടുത്തൽ ഇല്ല. അതുപോലെ ശാന്തിക്കാരൻ 2021 വർഷം 21.12.2021 മുതൽ 31.12.2021 വരെയും , 2014 വർഷം 18.05.2014 മുതൽ 28.05.2014 വരെയും ജോലിക്ക് ഹാജരായതായി കാണുന്നില്ല. അവധി ഏതെന്ന് രേഖപ്പെടുത്താതെ ഇപ്പോഴും ഒഴിച്ച് വിട്ടിരിക്കുകയാണ്. ജീവനക്കാർക്ക് മേൽപറഞ്ഞ മാസങ്ങളിൽ നൽകിയ ശമ്പളത്തിൽ കുറവൊന്നും വരുത്തിയിട്ടില്ല.

ക്ഷേത്ര ജീവനക്കാർക്ക് നൽകിയ അവധികളുടെ കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതും അനുവദിച്ച അവധി ഏതെന്ന് വ്യക്തമാക്കേണ്ടതുമാണ്. അനർഹമായി അവധികൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അധികം അനുവദിച്ച ശമ്പളം തുടർന്നുള്ള ശമ്പളത്തിൽ ക്രമീകരിക്കേണ്ടതുമാണ്.

III-3. ഡിറ്റം രജിസ്റ്റർ തയ്യാറാക്കിയില്ല

ക്ഷേത്രത്തിലെ വഴിപാടുകൾ, ആനുകാലിക ഉത്സവങ്ങൾ, വിശേഷവിധികൾ, വാർഷിക ഉത്സവങ്ങൾ മുതലായവക്ക് വേണ്ടുന്ന സാധന സമഗ്രികൾ, സേവന പ്രതിഫലം എന്നിവ വ്യക്തമാക്കുന്ന ഡിറ്റം രജിസ്റ്റർ തയ്യാറാക്കി ഭരണവകുപ്പിന്റെ അംഗീകാരം വാങ്ങിക്കുന്നതിനുള്ള നടപടികൾ ക്ഷേത്രം ഇതുവരെയായി സ്വീകരിച്ചിട്ടില്ല. ഹിന്ദുമത ധർമ്മസ്ഥാപന നിയമം സെക്ഷൻ 51 പ്രകാരമുള്ള ഡിറ്റം രജിസ്റ്റർ തയ്യാറാക്കി അംഗീകാരം വാങ്ങിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

III-4. അംശദായം

ഓഡിറ്റ് കാലയളവിൽ ക്ഷേത്രത്തിൽ നിന്നും അംശദായമിനത്തിൽ മലബാർ ദേവസ്വം ബോർഡിലേക്ക് ഒടുക്കിയ തുകകളുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വൌച്ചർ നമ്പർ/തീയതി	വർഷം	തുക	മലബാർ ദേവസ്വം ബോർഡ് രശീതി നമ്പർ/തീയതി
106/20.09.2017	2017	5,000	രശീതി ഹാജരാക്കിയിട്ടില്ല
41/02.05.2019	2019	1,500	രശീതി ഹാജരാക്കിയിട്ടില്ല

അംശദായമിനത്തിൽ മലബാർ ദേവസ്വം ബോർഡിലേക്ക് ഒടുക്കിയ തുകകളുടെ രശീതി ഹാജരാക്കേണ്ടതാണ്.

III-5. ക്ഷേമനിധി

ഓഡിറ്റ് കാലയളവിൽ ക്ഷേമനിധിയിനത്തിൽ മലബാർ ടെമ്പിൾ എംപ്ലോയീസ് വെൽഫെയർ ഫണ്ടിലേക്ക് തുകകളൊന്നും ഒടുക്കിയിട്ടില്ല.

III-6. ഓഡിറ്റ് ചാർജ്ജ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 19(1),1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം സർക്കാരിലേക്ക് ഒടുക്കേണ്ട ഓഡിറ്റ് ചാർജ്ജ് സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

വർഷം	2014	2015	2016	2017
ആകെ വരവ്	299262.50	575549.00	526082.00	461555.20
ഋണശീർഷ വരവുകൾ				
സർക്കാർ ഗ്രാന്റ്	-	-	38360	-
കയ്യാൽ കടം/മുൻകൂർ	-	-	-	14245.20
വർഷാശനം	-	-	5163	1721
മാനേജ് മെന്റ് ഫണ്ട്	95088	334976	236803	202384
ആകെ	95088	334976	280326	218350.20
ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിനുള്ള അറ്റ വരവ്	204174.50	240573	245756	243205
ഓഡിറ്റ് ചാർജ്ജ് നിരക്ക്	1%	1%	1%	1%
ഓഡിറ്റ് ചാർജ്ജ്	2042	2406	2458	2432
മുൻ ബാക്കി	10050	12092	14498	16956
ആകെ മൊത്തം	12092	14498	16956	19388
ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ്	12092	14498	16956	19388

വർഷം	2018	2019	2020	2021
ആകെ വരവ്	458645.85	496574.50	341333.00	614219.00
ഋണശീർഷ വരവുകൾ				
കയ്യാൽ കടം/മുൻകൂർ	9917.85	-	-	-
വർഷാശനം	1721	-	5163	-
മാനേജ് മെന്റ് ഫണ്ട്	224858	272118	152272	417519
അക്കൗണ്ട് ക്ലോസ് ചെയ്തത്	-	1267.50	-	-
ആകെ	236496.85	273385.50	157435	417519
ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിനുള്ള അറ്റ വരവ്	222149	223189	183898	196700
ഓഡിറ്റ് ചാർജ്ജ് നിരക്ക്	1%	1%	1%	1%
ഓഡിറ്റ് ചാർജ്ജ്	2221	2232	1839	1967
മുൻ ബാക്കി	19388	21609	23841	25680
ആകെ മൊത്തം	21609	23841	25680	27647
ഒടുക്കുവാൻ ബാക്കിയുള്ള ഓഡിറ്റ് ചാർജ്ജ്	21609	23841	25680	27647

ഓഡിറ്റ് ചാർജ്ജിനത്തിൽ ഒടുക്കുവാൻ ബാക്കിയായ തുകയുടെ വർഷം തിരിച്ചുള്ള വിവരം

വർഷം	തുക	വർഷം	തുക
2013 വരെ	10050	2018	2221
2014	2042	2019	2232
2015	2406	2020	1839
2016	2458	2021	1967
2017	2432	-	-
ആകെ			27647

ഓഡിറ്റ് ചാർജ്ജിനത്തിൽ സർക്കാരിലേക്ക് ഒടുക്കുവാൻ ബാക്കിയുള്ള 27,647 /- രൂപ " 0070-60-110-98 ഓഡിറ്റ് ചാർജ്ജ് '' എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചലാൻ കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം -33 എന്ന വിലാസത്തിൽ പരിശോധനയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

ഭാഗം IV
ധനസ്ഥിതിയും ഓഡിറ്റ് പ്രത്യവലോകനവും

IV-1. ധനസ്ഥിതി

വർഷം	2014	2015	2016	2017
മുന്നിരിപ്പ്	105642.30	35812.45	35344.00	13422.45
വരവ്	299262.50	575549.00	526082.00	461555.20
ആകെ ചെലവ്	369092.35	576017.45	548003.55	436055.15
നീക്കിയിരിപ്പ്	35812.45	35344	13422.45	38922.5

വർഷം	2018	2019	2020	2021
മുന്നിരിപ്പ്	38922.50	17945.50	43135.75	45003.75
വരവ്	458645.85	496574.50	341333.00	614219.00
ആകെ ചെലവ്	479622.85	471384.25	339465.00	574136.80
നീക്കിയിരിപ്പ്	17945.5	43135.75	45003.75	85085.95

IV-2. ഓഡിറ്റ് അവലോകനം

ആകെ നിരാകരിച്ച തുക	ഇല്ല
തടസ്സപ്പെടുത്തിയ തുക	2,72,749
നഷ്ടമായ തുക	ഇല്ല

IV-3. ക്ഷേത്ര ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

IV-4. കേന്ദ്ര-സംസ്ഥാന സർക്കാരിനുണ്ടായ വ്യക്തമായ നഷ്ടം

ഇല്ല

IV-5. നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കുള്ള നഷ്ടം

ഇല്ല

IV-6. നഷ്ടം നിർണ്ണയിക്കുവാൻ കൂടുതൽ അന്വേഷണം ആവശ്യമായ ഖണ്ഡികകൾ

ഇല്ല

IV-7. ഓഡിറ്റിൽ തടസ്സപ്പെടുത്തിയതിന്റെയും നിരാകരിച്ചതിന്റെയും വിവരം

ഖണ്ഡിക നം	നിരാകരിച്ച തുക	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായവരുടെ പേർ വിവരം
III-1	-	2,72,749	ശ്രീ.പി.സി.ഗോവിന്ദൻ നമ്പ്യാർ, ഫിറ്റ് പേർസൺ

IV-8. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടോത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

ഇല്ല

IV-9. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് തടസ്സവാദങ്ങൾ

1995 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉന്നയിച്ചിട്ടുള്ള തടസ്സങ്ങളിൽ തീർപ്പു കൽപ്പിക്കേണ്ടത് ഹിന്ദുമതധർമ്മ മലബാർ ദേവസ്വം ബോർഡാണ്. 1996 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിക്കുന്നത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 2004 മുതലുള്ള ഓഡിറ്റ് തടസ്സങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	തടസ്സങ്ങളുടെ എണ്ണം	തുക
1996-2004	07	13768.00
2010-2013	01	46210.00
2014-2021	01	2,72,749
ആകെ	**09**	**3,32,727**

IV-10. ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

ഒപ്പ്/-

ഓഡിറ്റ് ഓഫീസർ
മലബാർ ദേവസ്വം ഓഡിറ്റ് മേഖലാ കാര്യാലയം. തലശ്ശേരി.

അനുബന്ധം

1) വരവ് - ചെലവ് പത്രിക - 8 എണ്ണം
2) ചോദ്യാവലി

അനുബന്ധം-1

ശ്രീ ഒഴക്രോത്ത് പറമ്പ് തൃക്കോവിൽ ക്ഷേത്രത്തിന്റെ 2014 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്		തുക	ചെലവ്		തുക
വഴിപാട്		1,54,355.00	ശമ്പളം		3,600.00
ഭണ്ഡാരം		48,527.50	വഴിപാട് ഷെയർ		23,264.35
പലിശ		1,292.00	വഴിപാട് സാധനവില		18,497.00
ശമ്പള കുടിശ്ശിക		81,088.00	നിത്യത		15,501.00
ഓണം ഉത്സവബത്ത		14,000.00	ഇലക്ട്രിസിറ്റി		2,712.00
			വാദ്യം വേതനം		12,000.00
			മരാമത്ത്		47,430.00
			വിറക്		9,150.00
			പലവക		2,520.00
			സാധനം വാങ്ങൽ		3,724.00
			യാത്രബത്ത		1,296.00
			വിശേഷ വിധി		6,395.00
			ശമ്പള കുടിശ്ശിക		1,70,778.00
			സർവ്വീസ് ചാർജ്		175.00
			ചെക്ക് കലക്ഷൻ ചാർജ്		228.00
			ശുചീകരണം		4,430.00
			മുട്ട് ശാന്തി വേതനം		6,743.00
			പ്രതിഷ്ഠാദിനം		4,784.00
			ഭ്രനികുതി		988.00
			റിപ്പേർ		450.00
			ഓണം ഉത്സവബത്ത		14,000.00
			കൃഷി		550.00
			പ്ലാൻ എസ്റ്റിമേറ്റ്		750.00
			വഴിപാട് ബോർഡ്		1,190.00
			ഫർണ്ണിച്ചർ നിർമ്മാണം		3,046.00
			പ്രിന്റിംഗ്&സ്റ്റേഷനറി		6,491.00
			കഴകം വേതനം		8,400.00
ആകെ		**2,99,262.50**	**ആകെ**		**3,69,092.35**
പ്രാരംഭ കയ്യിരിപ്പ്			നീക്കിയിരിപ്പ്		
കൃാഷ്	65,164.30		കൃാഷ്	4,243.95	
ബാങ്ക്	40,478.00		ബാങ്ക്	31,568.50	
മുന്നിരിപ്പടക്കം ആകെ		**4,04,904.80**	**നീക്കിയിരിപ്പടക്കം ആകെ**		**4,04,904.80**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ

//ശരിപ്പകർപ്പ്//
ഓഡിറ്റ് ഓഫീസർ

അനുബന്ധം-1

ശ്രീ ഒഴക്രോത്ത് പറമ്പ് തൃക്കോവിൽ ക്ഷേത്രത്തിന്റെ 2015 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്		തുക	ചെലവ്		തുക
വഴിപാട്		1,91,178.00	ശമ്പളം		3,600.00
ഭണ്ഡാരം		48,457.00	വഴിപാട് ഷെയർ		21,549.35
പലിശ		737.00	വഴിപാട് സാധനവില		20,893.10
പലവക		201.00	നിത്യത		14,882.00
ശമ്പള കുടിശ്ശിക		3,19,976.00	ഇലക്ട്രിസിറ്റി ചാർജ്		4,189.00
ഓണം ഉത്സവബത്ത		15,000.00	വാദ്യം വേതനം		12,000.00
			വാല്വേഷൻ സർട്ടിഫിക്കറ്റ്		500.00
			വിറക്		12,000.00
			പലവക		2,898.00
			പെയിന്റിംഗ്		17,850.00
			യാത്രബത്ത		976.00
			വിശേഷ വിധി		5,905.00
			ശമ്പള കുടിശ്ശിക		3,96,341.00
			ചെക്ക് കലക്ഷൻ ചാർജ്		114.00
			കലക്ഷൻ ചാർജ്		401.00
			ശുചീകരണം		16,050.00
			വാർഷിക അറ്റകുറ്റപ്പണി		112.00
			പ്രതിഷ്ഠാദിനം		5,440.00
			ഭ്രനികുതി		1,231.00
			റിപ്പേർ		5,380.00
			ഓണം ഉത്സവബത്ത		15,000.00
			കൃഷി		850.00
			മുട്ട് ശാന്തി		4,500.00
			സാധനം വാങ്ങൽ		980.00
			പ്രിന്റിംഗ്&സ്റ്റേഷനറി		3,979.00
			കഴകം വേതനം		8,400.00
ആകെ		**5,75,549.00**	**ആകെ**		**5,76,017.45**
പ്രാരംഭ കയ്യിരിപ്പ്			നീക്കിയിരിപ്പ്		
ക്യാഷ്	4,243.95		ക്യാഷ്	9999.50	
ബാങ്ക്	31,568.50		ബാങ്ക്	25,344.50	
മുന്നിരിപ്പടക്കം ആകെ		**6,11,361.45**	**നീക്കിയിരിപ്പടക്കം ആകെ**		**6,11,361.45**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ

//ശരിപ്പകർപ്പ്//
ഓഡിറ്റ് ഓഫീസർ

അനുബന്ധം-1

ശ്രീ ഒഴക്രോത്ത് പറമ്പ് തുക്കോവിൽ ക്ഷേത്രത്തിന്റെ 2016 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്		തുക	ചെലവ്		തുക
വഴിപാട്		1,97,558.00	ശമ്പളം		3,600.00
ഭണ്ഡാരം		47,270.00	വഴിപാട് ഷെയർ		22,564.55
ജീർണ്ണോദ്ധാരണ ഗ്രാന്റ്		38,360.00	വഴിപാട് സാധനവില		20,847.00
വർഷാശനം		5,163.00	നിത്യത		13,248.00
ശമ്പള കുടിശ്ശിക (മാനേജ്മെന്റ് ഫണ്ട്)		2,19,303.00	ഇലക്ട്രിസിറ്റി		3,948.00
ഓണം ഉത്സവബത്ത മാനേജ്മെന്റ് ഫണ്ട്		17,500.00	വാദ്യം വേതനം		12,000.00
പലിശ		687.00	വാർഷിക അറ്റകുറ്റപ്പണി		115.00
പലവക റസീറ്റ്		241.00	വിറക്		17,350.00
			പലവക		8,271.00
			പ്രതിഷ്ഠാദിനം		5,668.00
			യാത്രബത്ത		1,167.00
			വിശേഷ വിധി		10,034.00
			ശമ്പള കുടിശ്ശിക		3,35,712.00
			ചെക്ക് ബുക്ക് ചാർജ്		92.00
			കലക്ഷൻ ചാർജ്		747.00
			ശുചീകരണം		22,250.00
			ഭ്രനികൃതി		615.00
			ഓണം ഉത്സവബത്ത		17,500.00
			മരാമത്ത്		31,215.00
			സാധനം വാങ്ങൽ		9,025.00
			പ്രിന്റിംഗ്&സ്റ്റേഷനറി		3,635.00
			കഴകം വേതനം		8,400.00
ആകെ		**5,26,082.00**	**ആകെ**		**5,48,003.55**
പ്രാരംഭ കയ്യിരിപ്പ്			നീക്കിയിരിപ്പ്		
ക്യാഷ്	9999.50		ക്യാഷ്	6,108.95	
ബാങ്ക്	31,568.50		ബാങ്ക്	7,313.50	
മുന്നിരിപ്പടക്കം ആകെ		**5,61,426.00**	**നീക്കിയിരിപ്പടക്കം ആകെ**		**5,61,426.00**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ

//ശരിപ്പകർപ്പ്//
ഓഡിറ്റ് ഓഫീസർ

അനുബന്ധം-1

ശ്രീ ഒഴക്രോത്ത് പറമ്പ് തുക്കോവിൽ ക്ഷേത്രത്തിന്റെ 2017 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്		തുക	ചെലവ്		തുക
വഴിപാട്		1,90,546.00	ശമ്പളം		3,300.00
ഭണ്ഡാരം		52,107.00	വഴിപാട് ഷെയർ		19,647.15
പലവക		343.00	വഴിപാട് സാധനവില		19,252.00
വർഷാശനം		1,721.00	നിത്യത		14,994.00
ശമ്പള കുടിശ്ശിക (മാനേജ്മെന്റ് ഫണ്ട്)		1,83,384.00	ഇലക്ട്രിസിറ്റി ചാർജ്		4,010.00
ട്രസ്റ്റി അഡ്വാൻസ്		14,245.20	വാദ്യം വേതനം		11,000.00
പലിശ		209.00	വാർഷിക അറ്റകുറ്റപ്പണി		138.00
ഓണം ഉത്സവബത്ത		19,000.00	വിറക്		23,050.00
			പലവക		1,634.00
			റിപ്പേർ		5,240.00
			യാത്രബത്ത		705.00
			വിശേഷ വിധി		8,871.00
			ശമ്പള കുടിശ്ശിക		2,55,516.00
			പ്രതിഷ്ഠാദിനം		6,043.00
			കലക്ഷൻ ചാർജ്		410.00
			ശുചീകരണം		14,500.00
			പ്ലാൻ, എസ്റ്റിമേറ്റ്		2,000.00
			അംശദായം		5,000.00
			മരാമത്ത്		7,500.00
			സാധനം വാങ്ങൽ		2,507.00
			പ്രിന്റിംഗ്&സ്റ്റേഷനറി		1,990.00
			കഴകം വേതനം		7,700.00
			ഓണം ഉത്സവബത്ത		19,000.00
			മുട്ട് ശാന്തി വേതനം		2,000.00
			ചെക്ക് ബുക്ക ചാർജ്		48.00
ആകെ		**4,61,555.20**	**ആകെ**		**4,36,055.15**
പ്രാരംഭ കയ്യിരിപ്പ്			നീക്കിയിരിപ്പ്		
കൃാഷ്	6,108.95		കൃാഷ്	-	
ബാങ്ക്	7,313.50		ബാങ്ക്	38,922.50	
മുന്നിരിപ്പടക്കം ആകെ		**4,74,977.65**	**നീക്കിയിരിപ്പടക്കം ആകെ**		**4,74,977.65**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ

//ശരിപ്പകർപ്പ്//
ഓഡിറ്റ് ഓഫീസർ

അനുബന്ധം-1

ശ്രീ ഒഴക്രോത്ത് പറമ്പ് തുക്കോവിൽ ക്ഷേത്രത്തിന്റെ 2018 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്		തുക	ചെലവ്		
വഴിപാട്		1,65,519.00	ശമ്പളം		47,600.00
ഭണ്ഡാരം		55,950.00	വഴിപാട് ഷെയർ		18,600.65
പലവക റസീറ്റ്		450.00	വഴിപാട് സാധനവില		16,745.00
വർഷാശനം		1,721.00	നിത്യത		14,385.00
ശമ്പള കുടിശ്ശിക (മാനേജ്മെന്റ് ഫണ്ട്)		2,12,858.00	ഇലക്ട്രിസിറ്റി		3,875.00
ട്രസ്റ്റി അഡ്വാൻസ്		9,917.85	വാദ്യം വേതനം		12,000.00
പലിശ		230.00	മുൻകൂർ		14,245.20
ഓണം ഉത്സവബത്ത		12,000.00	വിറക്		16,000.00
			പലവക		531.00
			റിപ്പേർ		1,000.00
			യാത്രബത്ത		506.00
			വിശേഷ വിധി		8,765.00
			ശമ്പള കുടിശ്ശിക		2,77,000.00
			പ്രതിഷ്ഠാദിനം		4,470.00
			ഓണം ഉത്സവബത്ത		13,500.00
			ശുചീകരണം		9,240.00
			മരാമത്ത്		2,880.00
			സാധനം വാങ്ങൽ		1,000.00
			പ്രിന്റിംഗ്&സ്റ്റേഷനറി		6,653.00
			കഴകം വേതനം		8,400.00
			മുട്ട് ശാന്തി വേതനം		2,061.00
			ചെക്ക് ചാർജ്		166.00
ആകെ		**4,58,645.85**	**ആകെ**		**4,79,622.85**
പ്രാരംഭ കയ്യിരിപ്പ്			നീക്കിയിരിപ്പ്		
ക്യാഷ്	-		ക്യാഷ്		
ബാങ്ക്	38,922.50		ബാങ്ക്	17,945.50	
മുന്നിരിപ്പടക്കം ആകെ		**4,97,568.35**	**നീക്കിയിരിപ്പടക്കം ആകെ**		**4,97,568.35**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ

//ശരിപ്പകർപ്പ്//
ഓഡിറ്റ് ഓഫീസർ

അനുബന്ധം-1

ശ്രീ ഒഴക്രോത്ത് പറമ്പ് തുക്കോവിൽ ക്ഷേത്രത്തിന്റെ 2019 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്		തുക	ചെലവ്		
വഴിപാട്		1,68,326.00	ശമ്പളം		47,300.00
ഭണ്ഡാരം		54,356.00	വഴിപാട് ഷെയർ		16,743.40
പലവക റസീറ്റ്		210.00	വഴിപാട് സാധനവില		16,589.00
ശമ്പള കുടിശ്ശിക (മാനേജ്മെന്റ് ഫണ്ട്)		2,56,618.00	നിത്യത		15,594.00
ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തത്		1,267.50	ഇലക്ട്രിസിറ്റി ചാർജ്		4,458.00
പലിശ		297.00	വാദ്യം വേതനം		11,000.00
ഓണം ഉത്സവബത്ത		15,500.00	മുൻക്കൂർ		9,917.85
			വിറക്		15,950.00
			പലവക		2,668.00
			വാർഷിക അറ്റകുറ്റപ്പണി		142.05
			യാത്രബത്ത		370.00
			വിശേഷ വിധി		9,259.00
			ശമ്പള കുടിശ്ശിക അഡ്വാൻസ്		2,81,618.00
			പ്രതിഷ്ഠാദിനം		4,372.00
			ഓണം ഉത്സവബത്ത		15,500.00
			ശുചീകരണം		3,870.00
			റിപ്പേർ		1,550.00
			സാധനം വാങ്ങൽ		1,600.00
			പ്രിന്റിംഗ്&സ്റ്റേഷനറി		3,683.00
			കഴകം വേതനം		7,700.00
			അംശദായം		1,500.00
ആകെ		**4,96,574.50**	**ആകെ**		**4,71,384.25**
പ്രാരംഭ കയ്യിരിപ്പ്			നീക്കിയിരിപ്പ്		
ക്യാഷ്	-		ക്യാഷ്	4,118.75	
ബാങ്ക്	17,945.50		ബാങ്ക്	39,017.00	
മുന്നിരിപ്പടക്കം ആകെ		**5,14,520.00**	**നീക്കിയിരിപ്പടക്കം ആകെ**		**5,14,520.00**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ

//ശരിപ്പകർപ്പ്//
ഓഡിറ്റ് ഓഫീസർ

അനുബന്ധം-1

ശ്രീ ഒഴക്രോത്ത് പറമ്പ് തുക്കോവിൽ ക്ഷേത്രത്തിന്റെ 2020 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്		തുക	ചെലവ്		
വഴിപാട്		1,46,266.00	ശമ്പളം		63,600.00
ഭണ്ഡാരം		37,288.00	വഴിപാട് ഷെയർ		11,750.25
പലവക റസീറ്റ്		90.00	വഴിപാട് സാധനവില		12,899.00
ശമ്പള കുടിശ്ശിക (മാനേജ്മെന്റ് ഫണ്ട്)		1,26,772.00	നിത്യത		15,259.00
വർഷാശനം		5,163.00	ഇലക്ട്രിസിറ്റി ചാർജ്		5,131.00
പലിശ		254.00	വാദ്യം വേതനം		11,300.00
ഓണം ഉത്സവബത്ത (മാനേജ്മെന്റ് ഫണ്ട്)		15,500.00	ബേങ്ക് ചാർജ്		226.75
നിത്യത ധനസഹായം (മാനേജ്മെന്റ് ഫണ്ട്)		10,000.00	വിറക്		15,050.00
			പലവക		3,975.00
			വാർഷിക റിപ്പേർ		
			യാത്രബത്ത		165.00
			വിശേഷ വിധി		6,684.00
			ശമ്പള കുടിശ്ശക (മാനേജ്മെന്റ് ഫണ്ട്)		1,60,421.00
			പ്രിന്റിംഗ്		3,620.00
			ഓണം ഉത്സവബത്ത (മാനേജ്മെന്റ് ഫണ്ട്)		15,500.00
			ശുചീകരണം		2,250.00
			റിപ്പേർ		3,100.00
			സാധനം വാങ്ങൽ		470.00
			സ്റ്റേഷനറി		364.00
			കഴകം വേതനം		7,700.00
			അംശദായം		
ആകെ		**3,41,333.00**	**ആകെ**		**3,39,465.00**
പ്രാരംഭ കയ്യിരിപ്പ്			നീക്കിയിരിപ്പ്		
ക്യാഷ്	4,118.75		ക്യാഷ്	19,822.50	
ബാങ്ക്	39,017.00		ബാങ്ക്	25,181.25	
മുന്നിരിപ്പടക്കം ആകെ		**3,84,468.75**	**നീക്കിയിരിപ്പടക്കം ആകെ**		**3,84,468.75**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ

//ശരിപ്പകർപ്പ്//
ഓഡിറ്റ് ഓഫീസർ

അനുബന്ധം-1

ശ്രീ ഒഴക്രോത്ത് പറമ്പ് തുക്കോവിൽ ക്ഷേത്രത്തിന്റെ 2021 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്		തുക	ചെലവ്		
വഴിപാട്		1,66,520.00	ശമ്പളം		63,600.00
ഭണ്ഡാരം		29,276.00	വഴിപാട് ഷെയർ		13,608.80
പലവക റസീറ്റ്		140.00	വഴിപാട് സാധനവില		13,660.00
ശമ്പള കുടിശ്ശിക (മാനേജ്മെന്റ് ഫണ്ട്)		4,02,019.00	നിത്യത		16,320.00
പലിശ		764.00	ഇലക്ട്രിസിറ്റി ചാർജ്		3,353.00
ഓണം ഉത്സവബത്ത (മാനേജ്മെന്റ് ഫണ്ട്)		15,500.00	വാദ്യം വേതനം		13,200.00
			ബേങ്ക് ചാർജ്		155.00
			വിറക്		10,750.00
			പലവക		3,493.00
			വിശേഷ വിധി		7,497.00
			ശമ്പള കുടിശ്ശക		3,90,347.00
			പ്രിന്റിംഗ്		5,922.00
			ഓണം ഉത്സവബത്ത		15,500.00
			ശുചീകരണം		6,900.00
			സാധനം വാങ്ങൽ		820.00
			സ്റ്റേഷനറി		611.00
			കഴകം വേതനം		8,400.00
ആകെ		**6,14,219.00**	**ആകെ**		**5,74,136.80**
പ്രാരംഭ കയ്യിരിപ്പ്			നീക്കിയിരിപ്പ്		
ക്യാഷ്	19,822.50		ക്യാഷ്	19,806.70	
ബാങ്ക്	25,181.25		ബാങ്ക്	65,279.25	
മുന്നിരിപ്പടക്കം ആകെ		**6,59,222.75**	**നീക്കിയിരിപ്പടക്കം ആകെ**		**6,59,222.75**

(ഒപ്പ്)
എക്സിക്യൂട്ടീവ് ഓഫീസർ

//ശരിപ്പകർപ്പ്//
ഓഡിറ്റ് ഓഫീസർ

ശ്രീ ഒഴക്രോത്ത് പറമ്പ് തൃക്കോവിൽ ക്ഷേത്രം

31.12.2021 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ

ബാങ്കിന്റെ പേര്	തുക	അക്കൗണ്ട് നം
കാത്തോലിക് സിറിയൻ ബാങ്ക്,കല്യാശ്ശേരി	59178.25	190001
സബ് ട്രഷറി,തളിപ്പറമ്പ്	6101.00	Spl.TSB 25
കൈയ്യിരിപ്പ്	19806.70	-
ആകെ	**85,085.95**	

അനുബന്ധം-1

ചോദ്യാവലി

(1951-ലെ ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വകുപ്പ് 100(2)(എൻ) ചട്ടം 5 പ്രകാരം പുറപ്പെടുവിക്കുന്ന ഹിന്ദുമത ധർമ്മസ്ഥാപനങ്ങളുടെ കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ കൂടെ സമർപ്പിക്കേണ്ടത്)

	സ്ഥാപനത്തിന്റെ പേര്	**ശ്രീ ഒഴക്രോത്ത് പറമ്പ് തുക്കോവിൽ ക്ഷേത്രം**
	ഓഡിറ്റ് റിപ്പോർട്ട് കാലയളവ്	2014 -2021
(കെ)	കമ്മീഷണർ സൂക്ഷിക്കുവാനാവശ്യപ്പെട്ട പ്രകാരമുള്ള അക്കൗണ്ടുകളും രജിസ്റ്ററുകളും സൂക്ഷിച്ചി ട്ടുണ്ടോ എന്ന്	ഖണ്ഡിക I-6 കാണുക
(ഖ)	സ്ഥാപനത്തിന്റെ ആവശ്യത്തിനായി ഉപയോഗി ക്കാത്ത എല്ലാ സ്ഥാവര വസ്തുക്കളും മത്സ്യബന്ധ നാവകാശം, ഗ്രാമീണ കുളങ്ങളിൽ വളരുന്ന നീളമേ റിയ പുല്ലിന്മേലുള്ള അവകാശം, വൃക്ഷങ്ങളുടെ ഫലങ്ങളിന്മേലുള്ള അവകാശം തുടങ്ങിയവ നിർദ്ദിഷ്ട രീതിയിലും സ്ഥാപനത്തിന്റെ നേട്ടത്തിനുതകും വണ്ണവും പാട്ടത്തിന് നൽകിയിട്ടുണ്ടോയെന്നും എല്ലാ സംഗതികളിലും പാട്ടക്കരാർ നടപ്പിലാക്കി യിട്ടുണ്ടോയെന്നും ഏതെങ്കിലും സംഗതിയിൽ അത്തരം വസ്തുവകകൾ പാട്ടത്തിന് നൽകാതിരി ക്കുകയോ പാട്ടക്കരാർ നടപ്പിൽ വരുത്താതിരിക്കു കയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം സംഗതികളുടെ വിവരം.	ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായി
(ഗ)	സ്ഥാപനത്തിലേക്ക് വരേണ്ടുന്ന വിവിധ രീതിയി ലുള്ള വരുമാനങ്ങൾ യഥാസമയം മുതൽ കൂട്ടിയിട്ടുണ്ടോ, കാലപരിധി ലംഘിച്ച തുകകൾ തിരിച്ചട ക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ യെന്നും ഇല്ലായെങ്കിൽ ഏതൊരു സംഗതികളിലാ ണ് അത്തരം നടപടി സ്വീകരിക്കാതിരുന്നത് എന്നത്	ഉണ്ട്
(ഘ)	ഏതെങ്കിലും അവകാശവാദങ്ങൾ കാലഹരണ നിയമപ്രകാരം കാലഹരണപ്പെട്ടുപോയി എങ്കിൽ അത്തരം സംഗതികളുടെ വിവരം	ഇല്ല
(ങ)	എല്ലാ വരവുകളും കാലവിളംബം കൂടാതെ കണ ക്കിൽ വരുത്തിയിട്ടുണ്ടോ എന്നത്	ഉണ്ട്
(ച)	ഏതെങ്കിലും അവകാശവാദങ്ങൾ എഴുതിത്തള്ളി യിട്ടുണ്ടെങ്കിൽ അത് എത്രയെന്നും എന്തിന്റെ അടി സ്ഥാനത്തിലെന്നും	ഇല്ല
(ഛ)	അംഗീകൃത ബജറ്റിനനുസൃതമായാണോ ചെലവുകൾ എന്നും, പ്രസ്തുത ബജറ്റിൽ നിന്നും വല്ല വ്യതിയാ നവുമുണ്ടെങ്കിൽ ആയവ എന്തെന്നും	ഖണ്ഡിക 1-1 കാണുക
(ജ)	എല്ലാ ചെലവിനങ്ങളും അതുമായി ബന്ധപ്പെട്ട അധികാരി അനുവദിച്ചിട്ടുണ്ടോയെന്നും അതിന് ഉപോൽബലകമായി ശരിയായ വൗച്ചറുകൾ ഉണ്ടോയെന്നും	ഖണ്ഡിക III-1 കാണുക
(ഝ)	ഏതെങ്കിലും ചെലവിനം ഓഡിറ്ററുടെ അഭിപ്രായത്തിൽ പ്രഥമദൃഷ്ട്യാ പാഴ്ചെലവ് ആണോയെന്ന്	ഇല്ല
(ഞ)	സ്ഥാപനത്തിന്റേതല്ലാത്ത ആവശ്യത്തിന് ഏതെങ്കിലും ഫണ്ടുകളും വസ്തുവകകളും വകമാറ്റിയിട്ടുണ്ടോ എന്ന്	ഇല്ല
(ട)	മുൻക്കൂർ സംഖ്യകൾ തിരിച്ചു പിടിക്കുകയോ, താമസംവിനാ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന്	ഉണ്ട്

(ഠ)	അടിയന്തിര ചെലവിന് ആവശ്യമില്ലാത്ത തുക ബേങ്കിൽ അടച്ചിട്ടുണ്ടോ എന്നും അധിക ഫണ്ടുകൾ നിക്ഷേപിച്ചിട്ടുണ്ടോ എന്നും	ഖണ്ഡിക II-10 കാണുക
(ഡ)	എല്ലാ സംഭാവനകളും കാണിക്ക വസ്തുക്കളും കണക്കിൽ വരവ് വെച്ചിട്ടുണ്ടോ എന്ന്	ഉണ്ട്
(ഢ)	കെട്ടിട പ്രവൃത്തികളുടെ കാര്യത്തിൽ അന്തിമ ഗഡു തീർപ്പാക്കുന്നതിന് മുന്നെ അളവ് പരിശോധന നടത്തിയിട്ടുണ്ടോ എന്നും, കൂടാതെ ആവശ്യമായ അനുബന്ധ കണക്കുകളും അളവ് പുസ്തകം, നീക്കിയിരിപ്പ് പുസ്തകം, കൂലിപ്പട്ടിക, തുടങ്ങിയ രജിസ്റ്ററുകളും, ദർഘാസ്, സമ്മതപത്രം മുതലായ വയും സൂക്ഷിച്ചിട്ടുണ്ടോയെന്നും	മേജർ മരാമത്ത് ഇല്ല
(ണ)	വരവ് സമാഹരണത്തിന്റെയോ, വില പിടിപ്പുള്ള വസ്തുവകകളുടെയോ ചുമതലയുള്ള ജീവനക്കാരിൽ നിന്നും കുറുതൽ ധനം സ്വീകരിച്ചിട്ടുണ്ടോയെന്നും കുറുതൽ ധാരണാപത്രം തയ്യാറാക്കിയിട്ടുണ്ടോയെന്നും	ഖണ്ഡിക II-6 കാണുക
(സ)	സ്ഥാപനം ഭരിക്കപ്പെടുന്നത് ഏതെങ്കിലും പദ്ധതി പ്രകാരമോ, വിജ്ഞാപന പ്രകാരം തയ്യാറാക്കിയ ചട്ടങ്ങൾ പ്രകാരമോ ആണെങ്കിൽ ഏതെങ്കിലും പദ്ധതി നിർദ്ദേശങ്ങളിൽ വല്ല ലംഘനവും ഉണ്ടാ യിട്ടുണ്ടോ എന്ന്	ഖണ്ഡിക I -3 കാണുക

ഒപ്പ്/-

ഓഡിറ്റ് ഓഫീസർ